(ബി) രോഗി മരണപ്പെട്ടാൽ പ്രസ്തുത തുക മരിച്ച രോഗിയുടെ നിയമാനുസൃതമുള്ള അവകാശികൾക്ക് നൽകുന്നതാണ്. ഇതിനുള്ള അധികാരം ജില്ലാ കളക്ടർമാർക്കുണ്ട്.

കേസ്സുകൾ തീർപ്പാക്കി പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

70 [2558] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ഉദ്യോഗാർത്ഥികൾ നൽകിയ എത്ര കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്;

(ബി) സർക്കാർ സർവ്വീസിൽ ഒഴിവുകൾ ഉണ്ടായിട്ടും യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് നൽകാത്തതുമൂലമാണ് ഇതിൽ ഭൂരിഭാഗം കേസ്സുകളും ഉണ്ടായിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്ക് എതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ മറ്റു രീതികളിൽ നിയമനം നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഹൈക്കോടതിയിൽ നിലവിലുള്ള ഹർജികൾ വേഗത്തിൽ തീർപ്പാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുമോ;

(എഫ്) പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ എത്രയും പെട്ടെന്ന് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. ആഫീസിൽ തീരുമാനമെടുക്കാതെ കിടക്കുന്ന അപേക്ഷകൾ

71 [2559] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനത്തിനുവേണ്ടി സമർപ്പിച്ച എത്ര അപേക്ഷകൾ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്നു;

(ബി) പി.എസ്.സി. മെമ്പർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(സി) ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly